**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ആകസ്മിക പരിശോധന - (SC.38/13/ALP) ചേർത്തല നഗരസഭയിലെ ഉദ്യോഗസ്ഥർക്കെതിരെയുള്ള അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

.=====================================================================

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം. 241/2017/തസ്വഭവ. തീയതി, തിരുവനന്തപുരം, 28.01.2017

=====================================================================

**പരാമർശം :** 1) വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 08.04.2014 തീയതിയിലെ E4 38/2013/ALP) 27601/2013 നമ്പർ കത്ത്.

2) 29.01.2015 ലെ 63719./ഇയു2/14/തസ്വഭവ നമ്പർ കുറ്റാരോപണ മെമ്മോ.

3) നഗരകാര്യ ഡയറക്ടറുടെ 31.12.2015, 27.07.2016 തീയതിയിലെ വി1-4684/15 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

ചേർത്തല നഗരസഭയിൽ 09.09.2013 തീയതിയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിൽ ടി ഓഫീസിൽ പേഴ്സണൽ ഡിക്ലറേഷൻ രജിസ്റ്റർ, പേഴ്സണൽ രജിസ്റ്റർ എന്നിവ സൂക്ഷിച്ചിരുന്നില്ല എന്നും പെൻഷൻ, ബിൽഡിംഗ് പെർമിറ്റ്, റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്, കെട്ടിട നമ്പർ, കെട്ടിട നികുതി തുടങ്ങിയ അപേക്ഷകളിൽ സമയബന്ധിതമായി നടപടി എടുത്തിട്ടില്ലാത്തതായും കണ്ടെത്തുകയുണ്ടായി. പ്രസ്തുത ക്രമക്കേടുകൾക്ക് ഉത്തരവാദികളായ ഉദ്യഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുവാനുള്ള വിജിലൻസ് ഡയറക്ടറുടെ പരാമർശം (1) ലെ ശുപാർശ സർക്കാർ വിശദമായി പരിശോധിക്കുകയും ആയത് സ്വീകരിക്കുകയും ചെയ്തു. ഇതിന്റെയടിസ്ഥാനത്തിൽ ചേർത്തല

നഗരസഭയിലെ താഴെപ്പറയുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി പരാമർശം (2) പ്രകാരം കുറ്റാരോപണ മെമ്മോ നൽകുകയുണ്ടായി.

i. ശ്രീ. സി.എൻ. മുരളീധരൻ, സൂപ്രണ്ട്
ii. ശ്രീ. എൽ. സന്തോഷ്, യു.ഡി. ക്ലർക്ക്
iii. ശ്രീമതി. എസ്. ഷൈന, യു.ഡി. ക്ലർക്ക്.
iv. ശ്രീ. എം.ഡി. വർക്കി, റവന്യു ഇൻസ്പെക്ടർ
v. ശ്രീ. എസ്. സുദർശനൻ, റവന്യു ഇൻസ്പെക്ടർ
vi. ശ്രീ. എം. ഹബീബ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ
vii. ശ്രീമതി. കെ. സ്മിത, ജൂനിയർ ഹെൽത്ത് നഴ്സ്.
viii. ശ്രീ. എം.ഡി. സോമൻ, ഹെൽത്ത് ഇൻസ്പെക്ടർ
ix. ശ്രീ.എം.ആർ. ഉണ്ണിക്കൃഷ്ണൻ, സൂപ്രണ്ട്
x. ശ്രീമതി. വി. ശാലിനി, എൽ.ഡി. ക്ലർക്ക്.
xi. ശ്രീ. പി. സതീശൻ, സൂപ്രണ്ട്
xii. ശ്രീ. ആർ.വി. ജയപ്രകാശ്, ഹെൽത്ത് സൂപ്പർവൈസർ.

2) കുറ്റാരോപണ മെമ്മോയ്ക്ക് ടി ഉദ്യോഗസ്ഥർ സമർപ്പിച്ച മറുപടിയും ആയതിന്മേലുള്ള റിപ്പോർട്ടും പരാമർശം (3) ലെ കത്തുകൾ പ്രകാരം നഗരകാര്യ ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ ടി വിഷയത്തിൽ കുറ്റാരോപിതനായ ശ്രീ. ആർ.വി. ജയപ്രകാശ്, ചേർത്തല നഗരസഭയിൽ സേവനത്തിലിരിക്കെ മരണമടഞ്ഞതായും അറിയിച്ചിരിക്കുന്നു.

3) ഉദ്യോഗസ്ഥർ കുറ്റാരോപണ മെമ്മോയ്ക്ക് നൽകിയ മറുപടിയിന്മേൽ കൊല്ലം മേഖലാ ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ

അടിസ്ഥാനത്തിൽ നഗരകാര്യ ഡയറക്ടർ താഴെക്കാണും വിധം ശുപാർശ ചെയ്തിട്ടുണ്ട്.

i. ചേർത്തല നഗരസഭയിലെ റവന്യു സെക്ഷൻ സൂപ്രണ്ടായിരുന്ന ശ്രീ.സി.എൻ. മുരളീധരനെതിരെയുള്ള കുറ്റം മന:പൂർവ്വമല്ലാത്ത താണെന്നും ടിയാന്റെ അപേക്ഷ പരിഗണിച്ചും ടിയാൻ 31.03.2015-ൽ വിരമിച്ച സാഹചര്യത്തിലും കുറ്റം മാപ്പാക്കി നടപടി അവസാനിപ്പിക്കാവുന്നതാണ്.

ii. പ്രസ്തുത നഗരസഭയിൽ R4 സെക്ഷനിൽ ക്ലർക്കായിരുന്ന ശ്രീ. സന്തോഷ്, അപേക്ഷകളിന്മേൽ കൃത്യമായ നടപടി സ്വീകരിച്ചിരുന്നില്ല എന്ന കുറ്റത്തിന്മേൽ ടിയാന്റെ മറുപടി പരിഗണിച്ച് ശക്തമായ താക്കീത് നൽകി ടിയാളുടെ പേരിലുള്ള നടപടികൾ അവസാനിപ്പിക്കാവുന്നതാണ്.

iii. എൽ.ഡി. ക്ലാർക്കായ ശ്രീമതി. വി. ശാലിനിക്കെതിരെയുള്ള കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയെന്ന കുറ്റത്തിന്മേൽ ടിയാളുടെ മറുപടി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മേലിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കുന്നതിന് താക്കീത് നൽകി തുടർനടപടികൾ അവസാനിപ്പിക്കാവു ന്നതാണ്.

iv. R3 സെക്ഷനിൽ യു.ഡി. ക്ലാർക്കായിരുന്ന ശ്രീമതി. എസ്. ഷൈനയ്ക്കെതിരെയുള്ള, അപേക്ഷകളിന്മേൽ സമയബന്ധിത മായി നടപടി സ്വീകരിച്ചില്ല എന്ന കുറ്റം, ടിയാളുടെ പ്രവൃത്തി പരിചയക്കുറവ് കണക്കിലെടുത്ത്, മേലിൽ ഇത്തരം വീഴ്ച ആവർത്തിക്കാതിരിക്കുന്നതിന് ശക്തമായ താക്കീത് നൽകി തുടർ നടപടികൾ അവസാനിപ്പിക്കാവുന്നതാണ്.

v. റവന്യു ഇൻസ്പെക്ടറായിരുന്ന ശ്രീ.എസ്. സുദർശനൻ, അപേക്ഷകളിന്മേൽ കൃത്യസമയത്ത് നടപടി സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയെന്ന കുറ്റാരോപണ മെമ്മോയിന്മേൽ ടിയാളുടെ മറുപടി രേഖകളുമായി പൊരുത്തപ്പെട്ടതിനാൽ

ടിയാൾക്കെതിരെയുള്ള തുടർ നടപടികൾ താക്കീത് നൽകി അവസാനിപ്പിക്കാവുന്നതാണ്.

vi. പ്രസ്തുത നഗരസഭയിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സായിരുന്ന ശ്രീമതി. കെ. സ്മിത അപേക്ഷകളിന്മേൽ തീർപ്പുകൽപ്പിക്കുന്നതിൽ വീഴ്ച വരുത്തിയെന്ന കുറ്റാരോപണ മെമ്മോയ്ക്ക് ടിയാൾ നൽകിയ മറുപടി വസ്തുതാപരമാണെന്ന് അന്വേഷണത്തിൽ ബോധ്യമായതിനാൽ ശ്രീമതി. കെ. സ്മിതയെ തുടർനടപടികളിൽ നിന്നും ഒഴിവാക്കാവുന്നതാണ്.

vii. ടി നഗരസഭയിൽ ഹെൽത്ത് ഇൻസ്പെക്ടറായിരുന്ന ശ്രീ. എം.ഡി. സോമൻ, അപേക്ഷകളിൽ തീർപ്പുകൽപ്പിക്കാതിരുന്നതിനും പരിശോധന ദിവസം ഹാജരാകാതിരുന്നതിനും നൽകിയ കുറ്റാരോപണ മെമ്മോയ്ക്ക് ടിയാളുടെ മറുപടി തൃപ്തികരമാണ്. ടിയാന് താക്കീത് നൽകി തുടർനടപടികൾ അവസാനിപ്പിക്കാവുന്നതാണ്.

viii. സൂപ്രണ്ടായിരുന്ന ശ്രീ. എം.ആർ. ഉണ്ണിക്കൃഷ്ണൻ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയതായി കണ്ടെത്തിയതിനെത്തുടർന്ന് നൽകിയ കുറ്റാരോപണ മെമ്മോയ്ക്ക് ടിയാൻ നൽകിയ മറുപടി പരിഗണിച്ച് ടിയാന് താക്കീത് നൽകി തുടർനടപടികൾ അവസാനിപ്പിക്കാവുന്നതാണെന്ന് അറിയിക്കുന്നു.

ix. റവന്യു ഇൻസ്പെക്ടറായിരുന്ന ശ്രീ. എം.സി. വർക്കി അപേക്ഷകളിന്മേൽ കൃത്യസമയത്ത് നടപടി സ്വീകരിച്ചില്ല എന്ന കുറ്റാരോപണ മെമ്മോയ്ക്ക് ടിയാളുടെ മറുപടി പരിഗണിച്ചും ടിയാൻ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതിനാലും കുറ്റം മാപ്പാക്കി നടപടി അവസാനിപ്പിക്കാവുന്നതാണ്.

x. പ്ലാനിംഗ് സെക്ഷൻ സൂപ്രണ്ടായിരുന്ന ശ്രീ. സി. സതീശന് രജിസ്റ്ററുകൾ സൂക്ഷിച്ചിരുന്നില്ല എന്നതിനും അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കാതിരുന്നതിനുമെതിരെ നൽകിയ

കുറ്റാരോപണ മെമ്മോയ്ക്ക് ടിയാൻ സമർപ്പിച്ച മറുപടി വസ്തുതാപരമാണ്. ടിയാന് താക്കീത് നൽകി തുടർനടപടികളിൽനിന്നും ഒഴിവാക്കാവുന്നതാണ്.

xi. ടി നഗരസഭയിൽ ഹെൽത്ത് ഇൻസ്പെക്ടറായിരുന്ന ശ്രീ. എ.എ. ഹബീബ് ഒദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയെന്ന കുറ്റത്തിന്മേൽ മേഖലാ ജോയിന്റ് ഡയറക്ടർ മുമ്പാകെയുള്ള ടിയാന്റെ മൊഴി മുഖവിലയ്ക്കെടുക്കാവുന്നതാണ്. ടിയാന്റെ മറുപടി പരിഗണിച്ച് ടിയാനെ ശിക്ഷാ നടപടികളിൽ നിന്നും ഒഴിവാക്കാവുന്നതാണ്.

4) നഗരസഭാ ഓഫീസിലെ ജീവനക്കാർക്ക് ഓഫീസ് കാര്യങ്ങളിലുള്ള പരിശീലനത്തിന്റെ അഭാവം കൃത്യനിർവ്വഹണത്തിലെ വീഴ്ചകൾക്ക് ഒരു കാരണമായിട്ടുണ്ട് എന്നുകൂടി നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുറ്റാരോപണ മെമ്മോയ്ക്ക് ടി ജീവനക്കാർ സമർപ്പിച്ച മറുപടിയും, നഗരകാര്യ ഡയറക്ടറുടെ പരാമർശം (3) പ്രകാരമുള്ള റിപ്പോർട്ടുകളും പരിഗണിച്ച് ചേർത്തല നഗരസഭയിലെ ജീവനക്കാർക്കെതിരെ ആരംഭിച്ച പരാമർശം രണ്ടിലെ അച്ചടക്ക നടപടി താഴെക്കാണും വിധം തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(i) ശ്രീ. എൻ. സന്തോഷ്. യു.ഡി.ക്ലാർക്ക്, ശ്രീമതി. എസ്. ഷൈന, യു.ഡി. ക്ലാർക്ക്, ശ്രീ. എസ്. സുദർശനൻ, റവന്യു ഇൻസ്പെക്ടർ, ശ്രീ. എം.ആർ. ഉണ്ണിക്കൃഷ്ണൻ, സൂപ്രണ്ട്, ശ്രീമതി. വി. ശാലിനി, ശ്രീ. പി. സതീശൻ, സൂപ്രണ്ട് എന്നിവർക്ക് എതിരായ നടപടി മേലിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കരുത് എന്ന കർശനമായ താക്കീത് അവർക്ക് നൽകി തുടർ നടപടികൾ അവസാനിപ്പിക്കുന്നു.

(ii) ശ്രീ. സി.എൻ. മുരളീധരൻ, റിട്ട. സൂപ്രണ്ട്, ശ്രീ. എം.ടി. വർക്കി, റിട്ട. റവന്യൂ ഇൻസ്പെക്ടർ, ശ്രീ. എം. ഹബീബ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ശ്രീ. എം.ഡി. സോമൻ, റിട്ട. ഹെൽത്ത് ഇൻസ്പെക്ടർ, ശ്രീ. കെ.സ്മിത, ജൂനിയർ ഹെൽത്ത് നഴ്സ് എന്നിവർക്കെതിരെയുള്ള കുറ്റങ്ങൾ ഒഴിവാക്കി അവർക്കെതിരെയുള്ള തുടർനടപടികൾ അവസാനിപ്പിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,**
**എസ്. മോഹൻദാസ്,**
**ജോയിന്റ് സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
ബന്ധപ്പെട്ട ജീവനക്കാർക്ക്.(നഗരകാര്യ ഡയറക്ടർ മുഖേന)
എക്സി. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിജിലൻസ് വകുപ്പ് (29.11.2016 ലെ 12565/D1/2016/വിജി. നം. കുറിപ്പ് പ്രകാരം).
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**